# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 432** **21-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്രാ സൗകര്യം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി യു പ്രതിഭ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക സൗകര്യങ്ങളോടുകൂടിയ സൂപ്പർ ഫാസ്റ്റ് പ്രീമിയം എയർകണ്ടീഷൻഡ് ബസ്സ് സർവീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ സൗകര്യങ്ങളാണ് ഇവയിൽ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സാധാരണ ജനങ്ങൾക്ക് ഗുണകരമായതും അവർ ഉപയോഗിച്ചു വരുന്നതുമായ പഴയ സൂപ്പർ ഫാസ്റ്റ് ബസ്സുകൾ, ലോ ഫ്ളോർ എ.സി. ബസ്സുകൾ എന്നിവയ്ക്ക് പകരം ചെലവ് കുറഞ്ഞ നാല് സിലിണ്ടർ എഞ്ചിനുള്ള ഡീസൽ മൈലേജ് കൂടിയതും താരതമ്യേന വിലകുറഞ്ഞതുമായ ആധുനിക സൗകര്യങ്ങളോടുകൂടിയ 13 സൂപ്പർ ഫാസ്റ്റ് പ്രീമിയം എയർ കണ്ടീഷൻഡ് ബസ്സുകൾ ഉപയോഗിച്ചാണ് സർവ്വീസുകൾ നടത്തുന്നത്.<br><br>ചെലവ് കുറക്കുന്നതിലൂടെ ലഭിക്കുന്ന ആനുകൂല്യം ജനങ്ങൾക്ക് കൂടി നൽകുക എന്ന ലക്ഷ്യത്തോടെയാണ് AC പ്രീമിയം സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്. ഇതിലെ ടിക്കറ്റ് നിരക്ക് ലോ ഫ്ലോർ AC ബസ്സുകളിനേക്കാൾ കുറഞ്ഞതും ട്രെയിൻ നിരക്കുകളുമായി താദാത്മ്യം ഉള്ളതുമാണ്. സൂപ്പർ ഫാസ്റ്റ് നോൺ AC ബസ്സുകളെക്കാൾ നാമമാത്രമായ ചാർജ് വർധനവ് മാത്രമാണുള്ളത്. സ്റ്റോപ്പുകൾ പരമാവധി കുറച്ചും യാത്രക്കാർക്ക് ആധുനിക സൗകര്യങ്ങൾ ഒരുക്കിയും പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം ഉൾപ്പെടെയുള്ള സംവിധാനങ്ങളോടെയാണ് പ്രസ്തുത സർവീസ് operate ചെയ്യുന്നത്.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ദീർഘദൂര സർവീസുകൾക്കായി വാങ്ങിയ 13 എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>40 സീറ്റ് 2x2 സീറ്റിംഗ് ലേയൗട്ട് പുഷ്ബാക്ക് റിക്ലൈനിങ് സീറ്റ്, USB ടൈപ്പ്ചാർജിങ് |

| | | | |
|---|---|---|---|
| | | | പോർട്ടുൾപ്പെടെ.<br><br>യാത്രക്കാർക്ക് 1 GB സൗജന്യമായി വൈഫൈ സൗകര്യം, സുഖപ്രദമായ യാത്രയ്ക്കായി റിക്ലൈനിങ് സൗകര്യങ്ങളോടുകൂടിയ 2x2 സീറ്റുകൾ, റീഡിങ് ലാമ്പുകൾ, ബോട്ടിൽ ഹോൾഡറുകൾ, മാഗസിൻ പൗച്, മ്യൂസിക് സിസ്റ്റം, TV, CCTV ക്യാമറ, സ്ലൈഡിങ് വിൻഡോകൾ, സൈഡ് കർട്ടനുകൾ, എല്ലാ സീറ്റുകളിലും സീറ്റ് ബെൽറ്റുകൾ, സുരക്ഷക്കായി ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ (ESC), AI Camera assisted ഡ്രൈവർ മോണിറ്ററിംഗ് സംവിധാനം.<br><br>കൂടാതെ, പുതിയ 27 എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ വാങ്ങുന്നതിനായി ദർഘാസ് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | നിലവിലുള്ളതിനേക്കാൾ കൂടുതൽ ഇന്ധനക്ഷമതയോടുകൂടിയ എഞ്ചിനുകളുള്ള പുതിയ ബസ്സുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | പുതുതായി വാങ്ങിയ എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ, 10.5 മീറ്റർ നീളമുള്ള നാല് സിലിണ്ടറോട് കൂടിയ കൂടുതൽ ഇന്ധനക്ഷമത ലഭിക്കുന്ന പുതിയ ശ്രേണിയിൽപ്പെട്ട BS-6 ഡീസൽ എഞ്ചിനുകളുള്ള ബസുകൾ ആണ്.<br><br>കൂടാതെ കൂടുതൽ ഇന്ധനക്ഷമത ലഭിക്കുന്നതിനു വേണ്ടി 4 Cylinder Engine ഉള്ള ബസ്സുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ബസ്സ് സർവീസ് മേഖലയിൽ കാര്യക്ഷമതയും യാത്രക്കാരുടെ യാത്രാനുഭവവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തത്സമയ ബസ്സ് ട്രാക്കിംഗ്, ഡിജിറ്റൽ പേയ്മെന്റ് രീതികൾ, മൊബൈൽ ടിക്കറ്റിംഗ് ഓപ്ഷനുകൾ തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ബസ് സർവീസ് മേഖലയിൽ കാര്യക്ഷമതയും യാത്രക്കാരുടെ യാത്രാനുഭവം മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി തൽസമയ ബസ്സ് ട്രാക്കിംഗ്, ഡിജിറ്റൽ പേയ്മെന്റ് രീതികൾ, മൊബൈൽ ടിക്കറ്റിംഗ് ഓപ്ഷനുകൾ, ലൈവ് ടിക്കറ്റിംഗ് (ബസ്സ് പുറപ്പെട്ടതിനു ശേഷവും സീറ്റ് ഒഴിവുണ്ടെങ്കിൽ യാത്രക്കാർക്ക് ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കുന്ന തരത്തിൽ) തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റ് സൊല്യൂഷൻ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br><u>ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ</u>:<br><br>കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിങ് സംവിധാനം പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി NCMC (National Common Mobility Card) / Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്നതരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുയോജ്യമായ ടിക്കറ്റിങ് മെഷീനുകൾ സൊല്യൂഷന്റെ ഭാഗമായി ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി യാത്രക്കാർക്ക് മെച്ചപ്പെട്ട ഉപഭോക്തൃ സേവനം ലഭ്യമാക്കാൻ സാധിക്കും. ബസുകളുടെ തത്സമയ ട്രാക്കിംഗ് സംവിധാനം, ലൈവ് പാസഞ്ചർ ഇൻഡിക്കേറ്റർ, മൊബൈൽ ടിക്കറ്റുകളും പാസുകളും, UPI (Unified Payment Interface) പേയ്‌മെന്റ്, കാർഡ്പേയ്‌മെന്റ്, നെറ്റ്ബാങ്കിംഗ് പേയ്‌മെന്റ്, വാലറ്റ് പേയ്‌മെന്റ്, ചലോപേ തുടങ്ങിയ ഡിജിറ്റൽ പേയ്‌മെന്റ് മോഡുകൾ, NCMC (National Common Mobility Card) കാർഡ് / Closed loop card തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റിംഗ് സൊല്യൂഷനിൽ ലഭ്യമാണ്.<br><br>ഇതിലൂടെ പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്ര ക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും. കൂടാതെ കേന്ദ്രീകൃത എ.എഫ്.സി.എസ്സ്. (Automatic Fare Collection System) സിസ്റ്റം, ദൈനംദിന സെറ്റിൽമെന്റിനായി ഓട്ടോമാറ്റിക് സിങ്കിങ്, റൂട്ട്, ദിവസം, സമയം, ബസ് മുതലായവ പ്രകാരം തത്സമയ ഓൺലൈൻ റിപ്പോർട്ടുകൾ, പ്രതിദിന ഷെഡ്യൂളിംഗ്, ഡ്യൂട്ടി പ്ലാനിംഗ് എന്നിവ ലഭ്യമാക്കുവാൻ സാധിക്കും. ബസ്സിൽ സീറ്റിന്റെ ലഭ്യതയും, Live passenger indicator മുഖേന യാത്രക്കാർക്ക് അറിയാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ